# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 15, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

### കർഷക ഗ്രൂപ്പുകൾ

*721 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇടനിലക്കാരുടെ ചൂഷണം ഇല്ലാതെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത്; വിശദമാക്കുമോ;

(ഡി) ഉല്പന്നങ്ങൾ വിറ്റഴിക്കാതെ വരികയാണെങ്കിൽ അവ ലേലം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അവകാശം നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് അഭികാമ്യമായ മാലിന്യ സംസ്കരണ രീതി</u>

*722 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുക്കുമ്പോൾ ഏത് തരം മാലിന്യ സംസ്കരണ രീതിയാണ് അഭികാമ്യമായി കരുതുന്നത്; ഇതിന് ഉപോൽബലകമായ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ നിലയ്ക്കുള്ള മാലിന്യ സംസ്കരണ രീതി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയ മാലിന്യ സംസ്കരണ രീതികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പോരായ്മകളാണ് അവയ്ക്കുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾ</u>

*723 ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ധനസഹായം പൂർണ്ണമായി ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ഭവനപദ്ധതികൾ പ്രകാരം 2011–12, 2012–13 സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കളാണ് കരാർ വച്ച് വീടുനിർമ്മാണം ആരംഭിച്ചത്; ഇവർക്ക് ധനസഹായം കൊടുത്തുതീർക്കാനുണ്ടോ; എങ്കിൽ എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ഭവനപദ്ധതി, എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി എന്നിവയിലായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

**കാര്‍ഷിക ഉല്‍പാദന വര്‍ദ്ധനവിന് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തല്‍**

*724 ശ്രീ. പി.കെ. ഗുരുദാസന്‍
,, കെ.കെ. ജയചന്ദ്രന്‍
,, കെ. രാധാകൃഷ്ണന്‍
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാദേശിക ഉല്‍പാദനത്തിന് പ്രത്യേകിച്ച് കാര്‍ഷിക ഉല്‍പാദന വര്‍ദ്ധനവിന് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതില്‍ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ലക്ഷ്യവും പ്രവര്‍ത്തനവും വിശദമാക്കാമോ;

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായുള്ള ഒന്നാം വാര്‍ഷിക പദ്ധതി നടത്തിപ്പിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തില്‍ രണ്ടാം വാര്‍ഷിക പദ്ധതി(2013-14)യില്‍ പ്രാദേശിക ഉല്‍പാദന വര്‍ദ്ധനവിന് എന്തെല്ലാം മാറ്റങ്ങള്‍ നിര്‍ദ്ദേശിക്കുകയുണ്ടായി; വെളിപ്പെടുത്താമോ;

(സി) നിര്‍ദ്ദേശിക്കപ്പെട്ട മാറ്റങ്ങള്‍ വഴി കാര്‍ഷിക ഉല്‍പാദനരംഗത്ത് എത്ര ശതമാനം അധികവളര്‍ച്ച ലക്ഷ്യം വയ്ക്കുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
# 15.07.2013-ലെ മറുപടിക്ക്

<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

*725 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. സത്യൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ നഗരപ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ജോലി ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ഡി) നഗരപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

**ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കാൻ കർമ്മ പരിപാടികൾ**

*726 ശ്രീ. സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമവികസന മേഖലയ്ക്ക് എത്രമാത്രം ഊന്നൽ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗ്രാമവികസന പദ്ധതികളുടെയും കേന്ദ്രസഹായ പദ്ധതികളുടെയും നടപ്പാക്കലിനുവേണ്ടി ഫലപ്രദവും കൂട്ടായതുമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 15.07.2013-ലെ മറുപടിക്ക്

<u>ഹരിത കലവറ പദ്ധതി</u>

*727 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, കെ. മുരളീധരന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹരിത കലവറ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) കേരളത്തിന്റെ തനതായ കാര്‍ഷിക ഉല്പന്നങ്ങള്‍ മറുനാടന്‍ മലയാളികള്‍ക്ക് എത്തിക്കുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ വിഭാവനം ചെയ്തിരിക്കുന്നത് ; വിശദമാക്കാമോ;

(ഡി) ഏതെല്ലാം കാര്‍ഷിക ഉല്പന്നങ്ങളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
# 15.07.2013-ലെ മറുപടിക്ക്

<u>നഗരവികസന പദ്ധതികൾ</u>

*728 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസന പദ്ധതികളായ ബേസിക് സർവ്വീസ് ടു അർബൻ പുവർ, പോവർട്ടി സോഷ്യൽ ഫണ്ട്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, സിറ്റി മൊബിലിറ്റി പ്ലാൻ, ടാക്സ് മാപ്പിംഗ് തുടങ്ങിയ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ ഓരോ പദ്ധതിയുടേയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ബീ) ഈ പദ്ധതികൾക്കായുള്ള ഫണ്ട് സ്വരൂപിച്ചത് എങ്ങനെയാണ്; ഇതിൽ ലോകബാങ്കിൽ നിന്നും എത്ര തുക വായ്പയെടുത്തു; പലിശയിനത്തിൽ ഇതുവരെ എത്ര തുക നല്കി;

(സി) ഈ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് എത്ര സമയം വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**15.07.2013-ലെ മറുപടിക്ക്**

ലാന്റ് യൂസ് ബോർഡിന്റെ പ്രവർത്തനം

*729 ശ്രീ. ലൂഡി ലൂയിസ്
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂസ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിന്റെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ ഡാറ്റാബേസ് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 15.07.2013–ലെ മറുപടിക്ക്

<u>പദ്ധതികളുടെ പഠന റിപ്പോർട്ട്</u>

*730

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തീകരിച്ചതോ, നടന്നുവരുന്നതോ ആയ പദ്ധതികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്ലാനിംഗ് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(സി) ഈ പഠന റിപ്പോർട്ടുകളിൽ പദ്ധതി പ്രവർത്തനത്തിലെ പാകപ്പിഴകൾ, കെടുകാര്യസ്ഥത, കാലവിളംബം തുടങ്ങിയവ വിശകലനം ചെയ്ത് പ്രസ്തുത പദ്ധതി സമയബന്ധിതമായി കുറഞ്ഞ ചെലവിൽ പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഈടാക്കിക്കൊണ്ടിരുന്ന നികുതികളിൽ ഇളവ്</u>

*731 ശ്രീ. ജി. സുധാകരൻ
,, എം. ചന്ദ്രൻ
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഈടാക്കിക്കൊണ്ടിരുന്ന നികുതികളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം നികുതികളിലാണ് ഇളവ് അനുവദിക്കാൻ തീരുമാനിച്ചത്; കാരണം വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നികുതിയിളവ് അനുവദിച്ചതിലൂടെ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും തനത് വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തനത് വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ സഹായങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇനിമുതൽ ഇത്തരത്തിൽ നികുതിയിളവ് പ്രഖ്യാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

<u>'ജനപഥ'ത്തിന്റെ രജിസ്ട്രേഷൻ പുന:സ്ഥാപിക്കൽ</u>

*732

ശ്രീ. ബി. ഡി. ദേവസ്സി
,, വി. ശിവൻകുട്ടി
,, രാജു എബ്രഹാം
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മലയാളത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന മാസികയായ 'ജനപഥ'ത്തിന്റെ നഷ്ടപ്പെട്ട രജിസ്ട്രേഷൻ പുന:സ്ഥാപിക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ നഷ്ടപ്പെട്ട തീയതി മുതൽ എത്ര ധനനഷ്ടമാണ് സംസ്ഥാനത്തിന് നേരിട്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനുത്തരവാദികളായ ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(ഡി) 'ജനപഥ'ത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെയും മുഖചിത്രങ്ങളുടെയും ആധികാരികത പരിശോധിക്കാറുണ്ടോ;

(ഇ) 2013 ഏപ്രിൽ മാസത്തിലെ ലക്കത്തിന്റെ മുഖചിത്രവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) സൗരോർജ്ജവുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ സ്ഥാപനമായ അനെർട്ടിന്റെ ഔദ്യോഗിക ചിഹ്നം പ്രസിദ്ധീകരിക്കുന്നതിന് പകരം പരാതിക്കിടയായ ചിത്രം പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവകലാശാലയുടെ ഫാം പോർട്ടലും വെബ് ചാനലും</u>

*733 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാല ഫാം പോർട്ടലും വെബ് ചാനലും ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുത്തൻ സാങ്കേതിക വിദ്യകൾ കർഷകർ, തൊഴിൽ സംരംഭകർ, വിദ്യാർത്ഥികൾ എന്നിവരിൽ എത്തിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

**<u>മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്</u>**

*734 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ജോസഫ് വാഴക്കൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തലത്തിലാണ് ഇത് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**15.07.2013-ലെ മറുപടിക്ക്**

<u>വ്യാജ വളം നിർമ്മാണം വ്യാപകമാകുന്നത് തടയാൻ നടപടി</u>

*735 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ജെയിംസ് മാത്യു
,, കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ വളം നിർമ്മാണം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള വ്യാജ വളം പൊതുമാർക്കറ്റിൽ എത്തുന്നത് കാർഷിക മേഖലയിലെ ഉൽപാദനക്ഷമതയെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 15.07.2013–ലെ മറുപടിക്ക്

കുടുംബശ്രീ പ്രവർത്തകർക്കായി 'ഡിജിറ്റൽ എംപവർമെന്റ്' പദ്ധതി

*736 ശ്രീ. ജോസഫ് വാഴക്കൻ
'' വി. റ്റി. ബൽറാം
'' പി. എ. മാധവൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ വനിതാ പ്രവർത്തകർക്കായി 'ഡിജിറ്റൽ എംപവർമെന്റ്' പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഇ) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കിസാൻ കാർഡുകളുടെ വിതരണം</u>

*737 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാർഡുകൾ വഴി കർഷകർക്ക് ലഭിക്കുന്നത്;

(ഡി) എന്തെല്ലാം വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

<u>ഓർഫനേജുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുവാൻ പദ്ധതി</u>

*738 ശ്രീ. വി. ഡി. സതീശൻ
'' റ്റി. എൻ. പ്രതാപൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർഫനേജുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുവാൻ സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

ചെറുകിട പട്ടണങ്ങളിലെ പ്രാദേശിക സാമ്പത്തിക പുരോഗതിക്ക് പദ്ധതി

*739 ശ്രീ. വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, എ.റ്റി. ജോർജ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട പട്ടണങ്ങളിലെ പ്രാദേശിക സാമ്പത്തിക പുരോഗതിക്ക് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എങ്ങനെയാണ് ധനസമാഹരണം നടത്താൻ തീരുമാനിച്ചിട്ടുളളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>മുസ്ലീം മത വിവാഹ നിയമങ്ങൾ</u>

*740 ശ്രീ. കെ. രാധാകൃഷ്ണൻ
,, എളമരം കരീം
ഡോ. കെ. ടി. ജലീൽ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസ്ലീം മത വിവാഹങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ ഏതൊക്കെയാണ്;

(ബി) ഇവയിൽ വധൂവരന്മാരുടെ പ്രായത്തെ സംബന്ധിച്ച് നിഷ്കർഷിച്ചിരിക്കുന്നത് എന്താണ്;

(സി) മുസ്ലീം മതവിഭാഗത്തിൽപ്പെട്ട വധുവിന്റെ പ്രായം 16 ആകാമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലറിനെ സംബന്ധിച്ച് ന്യൂനപക്ഷ വകുപ്പിനോട് പ്രസ്തുത വകുപ്പ് അഭിപ്രായം ആരാഞ്ഞിരുന്നുവോ;

(ഡി) മുസ്ലീം വധുവിന്റെ പ്രായം 16 ആക്കണമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച അഭിപ്രായമെന്താണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കൃഷിഭവനും, ഭൂവുടമയും ചേര്‍ന്നുള്ള കരാര്‍ കൃഷി പദ്ധതി</u>

*741

ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, എന്‍. ഷംസുദ്ദീന്‍
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കൃഷിഭവനും ഭൂവുടമകളും ചേര്‍ന്നുള്ള കരാര്‍ കൃഷി പദ്ധതിയുടെ പ്രവര്‍ത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് അനുയോജ്യമായ തരിശുഭൂമികള്‍ കണ്ടെത്തുന്ന നടപടികള്‍ പൂര്‍ത്തിയായിക്കഴിഞ്ഞോ; എങ്കില്‍ മൊത്തം എത്ര ഹെക്ടര്‍ കണ്ടെത്തിയിട്ടുണ്ട്;

(സി) കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ എന്നീ വനിതാ സംഘടനകളുടെ സഹകരണം ഈ പദ്ധതിക്ക് എത്രത്തോളം പ്രയോജനപ്പെടുത്താനാവുമെന്ന കാര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

എൻ. ആർ. എൽ.എം പദ്ധതി

*742 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി.മുഹമ്മദ്
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എൽ.എം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എൻ. ആർ. എൽ.എം പദ്ധതി ഏതെല്ലാം വകുപ്പുമായി സഹകരിച്ചാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ ആർക്കെല്ലാം പങ്കാളിത്തം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിൽ സ്വയം സഹായസംഘങ്ങൾക്ക് പങ്കാളിത്തം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**15.07.2013–ലെ മറുപടിക്ക്**

<u>കുട്ടനാട് പാക്കേജ്</u>

*743 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പ് കുട്ടനാട് പാക്കേജിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2011 മേയ് മാസത്തിനുശേഷം എത്ര തവണ പ്രോസ്പിരിറ്റി കൗൺസിൽ യോഗം ചേർന്നിട്ടുണ്ട്; ഇതിന്റെ ഭാഗമായി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 15.07.2013–ലെ മറുപടിക്ക്

<u>ചേരി നിർമ്മാർജ്ജന പദ്ധതികൾ</u>

*744 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. കെ. ബഷീർ
,, പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ചേരി നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ചേരികളെ നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; അതുപ്രകാരം പുനരുദ്ധാരണം ആവശ്യമായ ചേരികളുടെ വിശദവിവരം നൽകാമോ;

(സി) ചേരികൾ ഇല്ലാതാക്കാൻ എത്ര കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകേണ്ടിവരുമെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>സംയോജിത കൃഷിത്തോട്ട പദ്ധതി</u>

*745

ശ്രീ. സി. മോയിന്‍കുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരേക്കര്‍ വരെയുള്ള കൃഷിയിടങ്ങളില്‍ നടപ്പാക്കാനുദ്ദേശിക്കുന്ന സംയോജിത കൃഷിത്തോട്ട പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ സംബന്ധിച്ച വിശദാംശം നല്‍കാമോ;

(സി) പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ മിനിമം ഏരിയ എത്രയായിരിക്കണമെന്ന നിബന്ധന വച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതൊഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഇൻഷ്വറൻസ് പദ്ധതി</u>

*746 ശ്രീ. എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ആയതുവഴി ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഇ) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ സംവിധാനം വഴി പച്ചക്കറികൃഷി വ്യാപിപ്പിക്കൽ</u>

*747 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി രംഗത്ത് പഞ്ചായത്തുകളും കുടുംബശ്രീ സംവിധാനവും സാദ്ധ്യതയ്ക്കനുസൃതമായ നേട്ടം കൈവരിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ മുഖാന്തിരം പച്ചക്കറി കൃഷി നടത്തുന്നുണ്ടോ; ആയതിനായി വകുപ്പ് സ്വീകരിച്ച പ്രത്യേക നടപടികൾ എന്താണ് ;

(സി) കുടുംബശ്രീയ്ക്ക് എന്തെല്ലാം നിലയിലുള്ള സഹായങ്ങൾ നൽകി വരുന്നു ;

(ഡി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ വഴി പച്ചക്കറിയുടെ ഉല്പാദനവും സംഭരണവും വിപണനവും എന്ന നില പ്രാവർത്തികമായിട്ടുണ്ടോ?

## കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>മനുഷ്യശക്തി സംവിധാന വിഭാഗത്തിന്റെ പ്രവർത്തനം</u>

*748 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എൻ.എ. ഖാദർ
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര ആസൂത്രണ മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു.)ന്റെ കീഴിൽ പ്രവർത്തിക്കുന്ന മനുഷ്യശക്തി സംവിധാന വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) മനുഷ്യശക്തിയുടെ വിവരശേഖരണം, ഫലപ്രദമായ വിനിയോഗം, ലഭ്യമായ മനുഷ്യശക്തിയുടെ പരമാവധി വിനിയോഗം എന്നീകാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത യൂണിറ്റ് കഴിഞ്ഞ അഞ്ചുവർഷം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നതിന്റെ വിശദവിവരം നല്കുമോ ?

# കേരള നിയമസഭ
## 15.07.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക സര്‍വ്വകലാശാല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

*749 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
'' ബാബു എം. പാലിശ്ശേരി
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള കാര്‍ഷിക സര്‍വ്വകലാശാല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് പരിഹരിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) 2012-13 സാമ്പത്തിക വര്‍ഷം സര്‍വ്വകലാശാലയ്ക്ക് സര്‍ക്കാര്‍ നല്‍കേണ്ടിയിരുന്ന ഗ്രാന്റ് മുഴുവന്‍ നല്‍കിയോ; ഇതില്‍ സര്‍വ്വകലാശാലയ്ക്ക് സ്വന്തമായി ചെലവഴിക്കാന്‍ അനുവാദമുള്ള തുകയെത്രയാണ്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 15.07.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് പാർപ്പിട സൗകര്യം</u>

*750 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂലായ് 6.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].